**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1853** **04-02-2026 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ബസ്സുകളുടെ നിയമലംഘനങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സ്വകാര്യ ബസ്സുകളുടെ നിയമലംഘനങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സ്വകാര്യബസ്സുകളുടെ അമിതവേഗതയും മത്സരയോട്ടവും സംബന്ധിച്ച് നിരവധി പരാതികൾ പൊതുജനങ്ങൾ ഉന്നയിക്കാറുണ്ട്. |
| (ബി) | പൊതുഗതാഗത സൗകര്യം കൂടുതൽ കാര്യക്ഷമമാക്കി സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | പൊതുഗതാഗത സൗകര്യം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിനും എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ഡ്രൈവുകൾ നടത്തുകയും നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി സ്വകാര്യ ബസ്സുകളിൽ ക്യാമറ, സ്പീഡ് ഗവർണർ, ജി.പി.എസ്. എന്നിവ ഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനുപുറമെ നിരന്തരം വാഹന പരിശോധനകൾ നടത്തി നിയമലംഘനം നടത്തുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നത് ഉൾപെടെയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സ്ഥിരമായി നിയമ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ പെർമിറ്റ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി ബസ് ജീവനക്കാർക്കു പോലീസ് വേരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് മാസക്കാലയളവിൽ തൃശ്ശൂർ, പാലക്കാട്, എറണാകുളം ജില്ലകളിലായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 1970 സ്റ്റേജ് ക്യാരേജ് വാഹനങ്ങൾക്ക് പരിശോധിച്ച് ചെക്ക് റിപ്പോർട്ട് തയ്യാറാക്കി പിഴ ഇനത്തിൽ 14,69,450/- രൂപ ഈടാക്കിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ ബസ്സുകളിലെ യാത്ര സുരക്ഷിതമാക്കുന്നതിനും മത്സരയോട്ടം നിയന്ത്രിക്കുന്നതിനും ജിയോ ഫെൻസിങ് സൗകര്യം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | സ്വകാര്യ ബസ്സുകളിലെ യാത്ര സുരക്ഷിതമാക്കുന്നതിനും മത്സരയോട്ടം നിയന്ത്രിക്കുന്നതിനുമായി ജിയോ ഫെൻസിങ് സംവിധാനം നടപ്പാക്കുന്ന വിഷയം പരിശോധിച്ചു വരികയാണ്. |
| (ഡി) | ഗതാഗത നിയമങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും സ്വകാര്യ ബസ്സിലെ ജീവനക്കാർക്ക് അവബോധം സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | ഗതാഗത നിയമങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും സ്വകാര്യ ബസ്സ് ജീവനക്കാർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവത്കരണ ക്ലാസ്സുകളും റോഡ് സുരക്ഷാ മാസാചരണത്തിന്റെ ഭാഗമായി സൗജന്യ ആരോഗ്യ നേത്ര പരിശോധനയും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ മാധ്യമങ്ങളിലൂടെയും ബോധവത്കരണം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ